**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.270 — 28.11.2018 ൽ മറുപടിക്ക്

**ചെറൂപ്പ സി.എച്ച്.സി.**

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചെറൂപ്പ സി.എച്ച്.സി. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ചെറൂപ്പയിൽ സ്ഥിതിചെയ്യുന്ന എം.സി.എച്ച്. യൂണിറ്റ് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഗ്രാമീണ കേന്ദ്രമാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം മെഡിക്കൽ കോളേജിന്റെ അംഗീകാരത്തിന് ഗ്രാമീണ കേന്ദ്രം നിർബന്ധമാണ്. പ്രസ്തുത കേന്ദ്രം സി.എച്ച്.സി അല്ല. ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിനെ സാമൂഹ്യാരോഗ്യകേന്ദ്രമാക്കി മാറ്റുന്നത് മെഡിക്കൽ കോളേജിന്റെ അംഗീകാരത്തെ ബാധിക്കുമെന്നതിനാൽ ഇത് പ്രായോഗികമല്ല. |
| (ബി) | ആരോഗ്യ കുടുംബക്ഷേ വകുപ്പിന്റെ എം3/61/2018 നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ എം3/61/2018/ആ.കു.വ നമ്പർ ഫയലിലെ വിഷയം ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 488/ബി2/2018/ആ.കു.വ നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നതും, ചെറൂപ്പയിൽ സ്ഥിതിചെയ്യുന്ന എം.സി.എച്ച്. ഗ്രാമീണ കേന്ദ്രത്തിലെ ഡയാലിസിസ് യൂണിറ്റിലേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച പ്രൊപ്പോസലിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ ഇല്ലാതിരുന്നതിനാൽ ശുപാർശ ലഭ്യമാക്കുന്നതിന് ഈ പ്രൊപോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ